# കണ്ണൂർ സർവ്വകലാശാല

## (പരീക്ഷവിഭാഗം)

www.kannuruniversity.ac.in

**No. EG I.2/PR/2022** **കെ. യു എച്ച്. ക്യു., തീയതി: 03.08.2022**

**പ്രസിദ്ധീകരണത്തിന്**

**പ്രായോഗിക പരീക്ഷ**

**ഒന്നാം** സെമസ്റ്റർ **ബി.എസ്.സി. കോസ്റ്റ്യൂം ആൻഡ് ഫാഷൻ ഡിസൈനിംഗ്** (റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് ) നവംബർ 2021 ന്റെ പ്രായോഗിക പരീക്ഷ **ആഗസ്ത് 17, 19** എന്നീ തീയതികളിലായി കോളേജ് ഫോർ കോസ്റ്റ്യൂം ആൻഡ് ഫാഷൻ ഡിസൈനിംഗ്, തോട്ടടയിൽ വച്ച് നടത്തുന്നതാണ്. ടൈം ടേബിൾ വെബ് സൈറ്റിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ കോളേജുമായി ബന്ധപ്പെടുക.

**പരീക്ഷാഫലം**

അഫിലിയേറ്റഡ് കോളേജുകളിലെയും സെന്ററുകളിലെയും **രണ്ടാം** സെമസ്റ്റർ **എം.സി.എ. /എം.സി.എ. ലാറ്ററൽ എൻട്രി** (R/S/I) മെയ് 2021 പരീക്ഷഫലം സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. പുനഃപരിശോധന, സൂക്ഷ്മപരിശോധന, ഫോട്ടോകോപ്പി എന്നിവയ്ക്ക് ഓൺലൈനായി **17.08.2022** ന് വൈകുന്നേരം 5 മണി വരെ അപേക്ഷിക്കാവുന്നതാണ്.

പഠനവകുപ്പിലെ **മൂന്നാം** സെമസ്റ്റർ **എം എസ് സി മോളിക്യൂലർ ബയോളജി** (സി സി എസ് എസ് – റെഗുലർ / സപ്പ്ളിമെൻററി –കോവിഡ് സ്പെഷ്യൽ) നവംബർ 2020 പരീക്ഷഫലം സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. പുനഃപരിശോധന, സൂക്ഷ്മപരിശോധന, ഫോട്ടോകോപ്പി എന്നിവയ്ക്ക് ഓൺലൈനായി **17.08.2022** ന് വൈകുന്നേരം 5 മണി വരെ അപേക്ഷിക്കാവുന്നതാണ്.

**പരീക്ഷാവിജ്ഞാപനം**

**ഒന്നാം** സെമസ്റ്റർ **എം.എ. ഡിഗ്രി പ്രൈവറ്റ് രജിസ്ട്രേഷൻ** (റെഗുലർസപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്) നവംബർ 2021 പരീക്ഷകൾക്കായുള്ള വിജ്ഞാപനം സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പരീക്ഷാ രജിസ്ട്രേഷനുള്ള ലിങ്ക് **ആഗസ്ത് 11** മുതൽ ലഭ്യമാകും. ഇതിലേക്കായുള്ള പരീക്ഷാ ഫീസ് എസ്.ബി.ഐ ഇപേയ്മെന്റ് ഗേറ്റ് വേ വഴി മാത്രമേ അടക്കാൻ സാധിക്കുകയുള്ളൂ. പരീക്ഷകൾക്ക് **11.08.2022** മുതൽ **16.08 2022** വരെ പിഴയില്ലാതെയും **19.08.20222** വരെ പിഴയോടു കൂടിയും ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷകളുടെ പകർപ്പ് **23.08.2022** നകം സമർപ്പിക്കണം. 2020 വർഷം പ്രവേശനം

നേടിയ വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള ലിങ്ക് അവരുടെ പരീക്ഷാഫലം വന്നതിനുശേഷം ലഭ്യമാക്കുന്നതായിരിക്കും.

**ഒപ്പ്/-**

**അസിസ്റ്റന്റ് രജിസ്ട്രാർ-I**

**(പരീക്ഷാ വിഭാഗം)**